I·T

# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-249 — 11.06.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

**നാദാപുരത്തെ ബോംബ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരത്ത് ബോംബ് നിർമ്മിക്കുന്നതിനിടയിൽ അഞ്ച് പേർ കൊല്ലപ്പെട്ട സംഭവത്തെക്കുറിച്ച് പോലീസ് അന്വേഷണം നടത്തുകയുണ്ടായോ ; | (എ) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് നാദാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നം.116/2011 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പിന്നീട് വിശദമായ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മരണപ്പെട്ടവരും ഇന്ത്യൻ യൂണിയൻ മുസ്ളീംലീഗും തമ്മിലുള്ള ബന്ധം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ; | (ബി) | മരണപ്പെട്ടവർ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് അനുഭാവികളാണ്. |
| (സി) | ഇത് സംബന്ധിച്ച പോലീസ് അന്വേഷണത്തിൽ വെളിവാകപ്പെട്ട വസ്തുതകൾ എന്താണെന്ന് വിശദമാക്കാമോ ; | (സി) | 25.02.2011 തീയതി രാത്രിയും അതിനുമുമ്പും നാദാപുരം, പയന്തോങ്ങ് പരിസരപ്രദേശത്തുമുള്ള മുസ്ലീം വീടുകൾക്ക നേരെ ഹിന്ദുവിഭാഗത്തിൽപ്പെട്ടവർ ബോംബ് എറിഞ്ഞതിന്റെ വിരോധത്താൽ മത സൗഹാർദ്ദം തകർക്കുന്നതിനും ഹിന്ദു മുസ്ലീം വർഗ്ഗീയ സംഘട്ടനമുണ്ടാക്കുന്നതിനുവേണ്ടി ഹിന്ദു സമുദായ ക്കാർക്കെതിരെ പകരം ചെയ്യണമെന്ന് ദുബായിൽ വെച്ചും നാട്ടിൽ വെച്ചും ഗൂഢാലോചന നടത്തുകയും ആയതിനെത്തുടർന്ന് 26.02.2011 തീയതി രാത്രി 9.30 മണിക്കശേഷം നരിക്കാട്ടേരി അണിയാറമ്മൽ മറിയം എന്നവരുടെ ആൾപ്പാർപ്പില്ലാത്ത പറമ്പിൽ വെച്ച് 1 മുതൽ 8 വരെ പ്രതികൾ ബോംബ് നിർമ്മിച്ചു കൊണ്ടിരിക്കെ സ്ഫോടനം നടന്ന് 5 പേർ മരണ പ്പെടുകയും 3 പേർക്ക് ഗുരുതരമായി പരുക്ക് പറ്റുകയും ചെയ്തു. ഈ കേസിലെ പ്രതികൾ ഗൂഢാലോചനയിൽ പങ്കെടുക്കുകയും കൃത്യത്തിനു സഹായിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തിരിക്കുന്നതായും അറിവായിട്ടുള്ളതാണ്. |

................2

(ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആർക്കെല്ലാം എതിരെ കേസെടുത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(ഡി) 1) സി.ടി.ഷമീർ 2) റഫീക്ക് 3) വി.പി.സമീർ 4) സബീർ കരയത്ത് 5) റിയാസ് ചാലിൽ 6) ഫൈസൽ.സി.ടി 7) അജ്നാസ് 8) സബിൽ @ സബിലുള്ള 9) ഇസ്മായിൽ 10) കുഞ്ഞമ്മദ് 11) മൊയ്തു കയ്യിൽ 12) മൊട്ടേമ്മൽ റയീസ് 13) മൊട്ടേമ്മൽ അനസ് 14) ഷൗക്കത്തലി 15) പി.പി.റഫീക് 16) ആഷിക് 17) കോടഞ്ചേരി കരീം 18) കോടഞ്ചേരി ഫൈസൽ 19) കുതിരപന്തിയിൽ ആരിസ് 20) കുതിര പന്തിയിൽ സജിർ 21) പി.പി.ഷംസുദ്ദീൻ 22) സുഹൈബ് തെക്കണ്ടി മീത്തൽ 23) വി.പി.റഫീക് 24) തൊണ്ടിയിൽ സുബൈർ 25) ഇമ്പിച്ച്കോയ തങ്ങൾ മൊട്ടേമ്മൽ 26) കോടഞ്ചേരി മജീദ് 27) കണ്ണച്ചംകണ്ടി ഹമീദ് 28) റാഫി മഠത്തിൽ 29) അബ്ദുൾ മജീദ്.സി.ടി 30) ചെക്കികുന്നമ്മൽ ഹമീദ് 31) കെ.പി.സുഹൈബ് 32) കോടഞ്ചേരി ബഷീർ 33) ആറ്റകോയ തങ്ങൾ @ കുഞ്ഞാറ്റ തങ്ങൾ എന്നിവർക്കെതിരെ കേസുണ്ട്.

സെക്ഷൻ ഓഫീസർ.